**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5856** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി 2015 മുതൽ സ്റ്റേറ്റ് ബിസിനസ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസിൽ അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനത്തിൽ സൃഷ്ടിക്കുക എന്നതാണ് ഈ എക്സൈർസിന്റെ ലക്ഷ്യം. സംസ്ഥാനത്തിന്റെ ബിസിനസ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ നടപടികൾ ആരംഭിച്ചുകൊണ്ട് കേരള സർക്കാർ പ്രാരംഭഘട്ടം മുതൽ ഈ ഉദ്യമത്തിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. തൻമൂലം സംഘാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങുവാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുവാൻ സഹായിച്ചതും വഴി കേരളത്തെ ദേശീയതലത്തിൽ ഒന്നാമത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റിയിട്ടുണ്ട്.<br><br>ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ ഭാഗമായി നിരന്തരമായി നടന്നുവരുന്ന സ്റ്റേറ്റ് റിഫോംസ് ആക്ഷൻ പ്ലാൻ വിജയകരമായി നടപ്പിലാക്കിയതിന്റെ ഭാഗമായി വളരെയേറെ സംരംഭങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ വ്യക്തിഗത വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ബിസിനസ് തുടങ്ങുവാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും പകർപ്പുകൾ അനുബന്ധം - 2 (a-e) ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി തുടങ്ങുവാൻ വേണ്ടി തൊഴിൽ നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | സംസ്ഥാനങ്ങളിലെയും, കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും വ്യവസായ സൗഹൃദ അന്തരീക്ഷം വിലയിരുത്തുന്നതിനായി കേന്ദ്ര വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേർണൽ ട്രേഡ് പുറത്തിറക്കുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ ഭാഗമായി തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട് വരുന്ന പരിഷ്കരണ ശുപാർശകളിൽ സംസ്ഥാനത്തിന് അനുയോജ്യമായവ നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് മേൽ പദ്ധതി പ്രകാരം തൊഴിൽ നിയമത്തിൽ മാറ്റം വരുത്തിയിട്ടില്ല. മെച്ചപ്പെട്ട ഓൺലൈൻ സംവിധാനത്തിലൂടെയുള്ള അപേക്ഷ പരിശോധിക്കൽ, കല്പിത അനുമതികൾ, Auto Renewal സംവിധാനങ്ങൾ എന്നിവ നിയമ പരിഷ്കരണങ്ങളിലൂടെ നടപ്പിൽ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2019 ഡിസംബർ 07<br>07th December 2019<br>1195 വൃശ്ചികം 21<br>21st Vrishchikam 1195<br>1941 അഗ്രഹായനം 16<br>16th Agrahayana 1941 | നമ്പർ<br>No. 3008 |

കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നം. 21498/ലെഗ്.സി3/2019/നിയമം

*തിരുവനന്തപുരം, 2019 ഡിസംബർ 7*
*1195 വൃശ്ചികം 21*
*1941 അഗ്രഹായനം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2019 ഡിസംബർ 6-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു. പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2019-ലെ 16-ാം ആക്റ്റ്

## 2019-ലെ കേരള സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'കൈപ്പറ്റ് സാക്ഷ്യപത്രം' എന്നാൽ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന കൈപ്പറ്റ് സാക്ഷ്യപത്രം എന്നർത്ഥമാകുന്നു;

(ബി) 'അപ്പലേറ്റ് അതോറിറ്റി' എന്നാൽ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) 'അംഗീകാരം' എന്നാൽ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംസ്ഥാന നിയമത്തിൻ കീഴിൽ ആവശ്യമായ ലൈസൻസുകളും, അനുവാദങ്ങളും അംഗീകാരങ്ങളും, ക്ലിയറൻസുകളും, രജിസ്ട്രേഷനുകളും, അനുമതികളും, നിരാക്ഷേപ പത്രങ്ങളും സമാനമായവയും എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) 'ക്ഷമതയുള്ള അധികാരസ്ഥാനം' എന്നാൽ സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ ആവശ്യമായ അംഗീകാരം നൽകുന്നതിനോ അനുവദിക്കുന്നതിനോ ഉള്ള അധികാരങ്ങളോ ഉത്തരവാദിത്തങ്ങളോ നൽകപ്പെട്ടിട്ടുള്ള, സർക്കാരിന്റെ ഏതെങ്കിലും വകുപ്പോ, ഏജൻസിയോ, സ്റ്റാറ്റ്യൂട്ടറി ബോഡിയോ, സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള കോർപ്പറേഷനോ, തദ്ദേശസ്വയംഭരണ സ്ഥാപനമോ നഗരവികസന അതോറിറ്റിയോ ഏതെങ്കിലും സംസ്ഥാന നിയമപ്രകാരമോ അതിൻ കീഴിലോ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ സർക്കാരിന്റെ ഭരണപരമായ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ മറ്റേതെങ്കിലും അതോറിറ്റിയോ ഏജൻസിയോ എന്നർത്ഥമാകുന്നു;

(ഇ) 'ജില്ലാ ബോർഡ്' എന്നാൽ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ബോർഡ് എന്നർത്ഥമാകുന്നു;

(എഫ്) 'വ്യവസായ സ്ഥാപനം' എന്നാൽ ഒരു സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനം എന്നർത്ഥമാകുന്നു;

(ജി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) 'സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ' എന്നാൽ 2006-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ വികസന ആക്റ്റ് (2006-ലെ 27-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(ഐ) 'നോഡൽ ഏജൻസി' എന്നാൽ 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന നോഡൽ ഏജൻസി എന്നർത്ഥമാകുന്നു;

(ജെ) 'വിജ്ഞാപനം' എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(കെ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(എം) 'സംസ്ഥാന ബോർഡ്' എന്നാൽ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന ബോർഡ് എന്നർത്ഥമാകുന്നു.

3. <u>നോഡൽ ഏജൻസി</u>.—കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ബോർഡ് ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി നോഡൽ ഏജൻസിയായിരിക്കുന്നതാണ്.

4. നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും.—സർക്കാരിന്റെ മേൽനോട്ടത്തിനും നിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി, നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുകയും അത് സുഗമമാക്കുകയും ചെയ്യുക;

(ബി) സ്വയംസാക്ഷ്യപത്രത്തിന്റെയും 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെയും രേഖകൾ സൂക്ഷിക്കുക;

(സി) സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള, മറ്റ് അധികാരങ്ങളും ചുമതലകളും ഒരു നോഡൽ ഏജൻസിക്ക് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

5. സ്വയംസാക്ഷ്യപത്രം സമർപ്പിക്കുന്നത്.—(1) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും, അപ്രകാരമുള്ള വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനായി, നോഡൽ ഏജൻസി മുമ്പാകെ ഒരു സ്വയംസാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് ഏതെങ്കിലും ആൾ, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള എല്ലാമോ ഏതെങ്കിലുമോ അംഗീകാരങ്ങൾ ലഭിക്കുന്നതിനായി, ക്ഷമതയുള്ള അധികാരസ്ഥാനം മുമ്പാകെ ഏതെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുള്ള പക്ഷം, അപ്രകാരമുള്ള ആളിന്, (1)-ാം ഉപവകുപ്പ് പ്രകാരം, ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്വയം സാക്ഷ്യപത്രം നോഡൽ ഏജൻസി മുമ്പാകെ സമർപ്പിക്കാവുന്നതാണ് .

(3) എല്ലാരീതിയിലും പൂർണ്ണമായ ഒരു സ്വയം സാക്ഷ്യപത്രംലഭിച്ചാൽ, ഉടൻ (1)-ാം ഉപവകുപ്പ് പ്രകാരം ഒരു സ്വയം സാക്ഷ്യപത്രം നൽകിയിട്ടുള്ള ആളിന്, നോഡൽ ഏജൻസി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, ഒരു കൈപ്പറ്റ് സാക്ഷ്യപത്രം നൽകേണ്ടതാണ്.

6. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ പ്രാബല്യം.—5-ാം വകുപ്പ് പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിന് നൽകിയ ഒരു കൈപ്പറ്റ് സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരമുള്ള ഒരു അംഗീകാരം എന്ന രീതിയിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, പ്രസ്തുത മൂന്ന് വർഷക്കാലയളവിന് ശേഷം, അപ്രകാരമുള്ള വ്യവസായസ്ഥാപനം, അപ്രകാരമുള്ള കാലാവധി അവസാനിച്ചതിനു ശേഷം ആറ് മാസക്കാലയളവിനുള്ളിൽ 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതുമാണ്:

എന്നാൽ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ (2008 ലെ 28) അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഭൂമി ഉപയോഗിക്കുന്നതിന്, കൈപ്പറ്റ് സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ലാത്തതും, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് അർഹനാക്കുന്നതല്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ മൂന്ന് വർഷക്കാലയളവിൽ, ക്ഷമതയുള്ളഅധികാരസ്ഥാനം 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

7. <u>ഒഴിവാക്കലുകൾ അനുവദിക്കൽ</u>.—സർക്കാരിനോ അതിൻകീഴിലുള്ള ഏതെങ്കിലും അതോറിറ്റിക്കോ, ഏതെങ്കിലും കേന്ദ്ര ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും അംഗീകാരമോ പരിശോധനയോ, അതുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യവസ്ഥകളോ ഒഴിവാക്കാൻ അധികാരമുള്ളിടത്ത്, അതതു സംഗതി പോലെ, സർക്കാരോ, അപ്രകാരമുള്ള ഏതെങ്കിലും അതോറിറ്റിയോ അപ്രകാരമുള്ള കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഒരു വ്യവസായ സ്ഥാപനത്തിന് 5-ാം വകുപ്പ് പ്രകാരം സ്വയം സാക്ഷ്യപത്രം നൽകിയ തീയതി മുതൽ മൂന്ന് വർഷക്കാലയളവിലേക്ക് അപ്രകാരമുള്ള ഒഴിവാക്കൽ അനുവദിക്കുന്നതിനുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

8. <u>കുറ്റങ്ങളും ശിക്ഷകളും</u>.—(1) ഏതെങ്കിലും വ്യവസായ സ്ഥാപനം, നോഡൽ ഏജൻസി മുമ്പാകെ നൽകിയിട്ടുള്ള സ്വയംസാക്ഷ്യപത്രത്തിലെ ഏതെങ്കിലും നിബന്ധനകളോ ഉപാധികളോ ലംഘിച്ചിട്ടുണ്ടെന്ന് നോഡൽ ഏജൻസി കാണുന്നപക്ഷം, നോഡൽ ഏജൻസിക്ക്, അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിന് നോട്ടീസ് നൽകിയതിനു ശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനു ശേഷവും, അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിനുമേൽ അഞ്ചു ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു തുക പിഴയായി ചുമത്താവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ ആക്റ്റിൻ കീഴിൽ കുറ്റം ചെയ്യുന്ന ആൾ ഒരു വ്യവസായ സ്ഥാപനമാണെങ്കിൽ, പ്രസ്തുത കുറ്റം ചെയ്ത സമയത്ത് വ്യവസായ സ്ഥാപനത്തിന്റെ കാര്യങ്ങൾ നടത്തുന്നതിനായി അതിന്റെ ചാർജ്ജ് വഹിക്കുകയും, പ്രസ്തുത വ്യവസായ സ്ഥാപനത്തോട് ഉത്തരവാദിത്തപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും വ്യവസായ സ്ഥാപനവും പ്രസ്തുത കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടിയെടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു വ്യവസായസ്ഥാപനം ചെയ്തിരിക്കുകയും വ്യവസായ സ്ഥാപനത്തിലെ ഏതെങ്കിലും ഉടമസ്ഥന്റെയോ മാനേജിംഗ് പാർട്ണറുടെയോ ഡയറക്ടറുടെയോ മാനേജറുടെയോ സെക്രട്ടറിയുടെയോ അഥവാ പ്രസ്തുത വ്യവസായ സ്ഥാപനത്തിലെ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അശ്രദ്ധനിമിത്തമോ ആണ് പ്രസ്തുത കുറ്റം ചെയ്തിട്ടുള്ളതെന്ന് തെളിയുകയും ചെയ്യുന്നപക്ഷം, അപ്രകാരമുള്ള ഉടമസ്ഥനോ, മാനേജിംഗ് പാർട്ണറോ ഡയറക്ടറോ മാനേജറോ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ പ്രസ്തുത കുറ്റം ചെയ്തതായി കരുതപ്പെടുന്നതും, അത് അനുസരിച്ചുള്ള നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാണ്.

<u>വിശദീകരണം</u>:— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) വ്യവസായ സ്ഥാപനം എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഫേമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു.

(ബി) ഒരു ഫേമുമായി ബന്ധപ്പെട്ട്, അതിലെ ഡയറക്ടർ എന്നാൽ ഫേമിലെ പാർട്ണർ എന്നർത്ഥമാകുന്നു.

9. <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം</u>.—ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളുടെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ, ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യങ്ങളെ സംബന്ധിച്ച് സർക്കാരിനോ, നോഡൽ ഏജൻസിക്കോ, ക്ഷമതയുള്ള അധികാരസ്ഥാനത്തിനോ, അപ്പീൽ അതോറിറ്റിക്കോ ഏതെങ്കിലും സർക്കാർ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

10. <u>ഈ ആക്റ്റിന് മറ്റ് നിയമങ്ങളുടെ മേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന്</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തൽസമയം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(2) പ്രത്യേകിച്ചും, ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അപ്രകാരമുള്ള വ്യവസ്ഥകൾക്ക്, താഴെ പറയുന്ന നിയമങ്ങളിൽ എന്തുതന്നെ വിരുദ്ധമായി അടങ്ങിയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതും, പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകൾ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതായി വായിക്കേണ്ടതുമാണ്.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994 ലെ 13)
2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994 ലെ 20)
3. 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960 ലെ 34)
4. 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് (2013 ലെ 18)
5. 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955ലെ 16)
6. 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ്( 1939 ലെ 3)

11. <u>ഒഴിവാക്കൽ</u>.—10-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിലെ യാതൊന്നും, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽനിന്നോ, അതിന് കീഴിൽ നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും നിയന്ത്രണ നടപടികളിൽ നിന്നോ മാനദണ്ഡങ്ങളിൽനിന്നോ, ഈ ആക്റ്റിൽ പ്രകടമായി വ്യവസ്ഥ ചെയ്തിടത്തോളം ഒഴികെ, ഒഴിവാക്കുന്നതായി വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ല.

12. <u>അപ്പലേറ്റ് അതോറിറ്റിയും അപ്പലേറ്റ് അതോറിറ്റിയുടെ അധികാരങ്ങളും</u>.—(1) 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000 ലെ 5) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡ്, ഈ ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റി ആയിരിക്കുന്നതും, ഈ ആക്റ്റിൻ കീഴിലുള്ള അപ്പലേറ്റ് അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

(2) നോഡൽ ഏജൻസിയുടെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും, അപ്രകാരമുള്ള തീരുമാനം ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(3) അപ്പീൽ ലഭിച്ചതിനു ശേഷം അപ്പലേറ്റ് അതോറിറ്റിക്ക് അതിന് ആവശ്യമെന്ന് കരുതാവുന്ന, അധിക വിശദാംശങ്ങളോ രേഖകളോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിളിച്ചുവരുത്താവുന്നതും, അപ്രകാരമുള്ള വിശദാംശങ്ങളോ രേഖകളോ ഹാജരാക്കുന്നതിൻമേലും, നോഡൽ ഏജൻസിക്കും സങ്കടമനുഭവിക്കുന്ന ആളിനും പറയുവാനുള്ളത് കേൾക്കുവാൻ ഒരവസരം നൽകിയതിനുശേഷവും, അപ്പലേറ്റ് അതോറിറ്റി അപ്രകാരമുള്ള അപ്പീൽ സമർപ്പിച്ച തീയതി മുതൽ മുപ്പതു ദിവസക്കാലയളവിനുള്ളിൽ അപ്രകാരമുള്ള അപ്പീൽ തീർപ്പാക്കേണ്ടതും അതിൻമേലുള്ള അപ്പീൽ അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് അതോറിറ്റിക്ക് സ്വമേധയോ, റഫർ ചെയ്യുന്നതിൻമേലോ നോഡൽ ഏജൻസി പാസ്സാക്കിയ ഒരു ഉത്തരവ് പരിശോധിക്കാവുന്നതും, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതും, അപ്രകാരമുള്ള ഉത്തരവുകൾ അന്തിമമായിരിക്കുന്നതുമാണ്.

13. <u>വൈഷമ്യങ്ങൾ നീക്കംചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ ഉത്തരവും അത് പ്രസിദ്ധീകരിച്ചതിനു ശേഷം, കഴിയുന്നത്ര വേഗം, സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

14. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, സംസ്ഥാന നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, സംസ്ഥാന നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA
## Law (Legislation-C) Department

NOTIFICATION

No. 21498/Leg.C3/2019/Law.

*Dated, Thiruvananthapuram, 7th December, 2019*
*21st Vrischikam, 1195*
*16th Agrahayana, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Micro Small and Medium Enterprises Facilitation Act, 2019 (16 of 2019).

By order of the Governor,

ARAVINTHA BABU, P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2019-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്" published under the authority of the Governor.]

**ACT 16 OF 2019**

THE KERALA MICRO SMALL AND MEDIUM ENTERPRISES FACILITATION ACT, 2019

*An Act to provide for exemption from certain approvals and inspections required for the establishment and operation of micro small and medium enterprises in the State and matters connected therewith and incidental thereto.*

*Preamble.*—WHEREAS, it is expedient to give effect to exemption from certain approvals and inspections required for establishment and operation of micro small and medium enterprises in the State and matters connected therewith and incidental thereto;

BE it enacted in the Seventieth Year of the Republic of India, as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Micro Small and Medium Enterprises Facilitation Act, 2019.

(2) It shall come into force at once.

2. *Definitions.*—In this Act, unless the context otherwise requires,—

(a) “Acknowledgement Certificate” means the Acknowledgement Certificate issued under sub-section (3) of section 5;

(b) “Appellate Authority” means the Appellate Authority constituted under sub-section (1) of section 12;

(c) “approval” means licenses, permissions, approvals, clearances, registration, consents, no objection certificate and the like, required under any State law in connection with the establishment or operation of micro small and medium enterprise in the State;

(d) “Competent Authority” means any department or agency of the Government, statutory body, Corporation owned by State, Local Self Government Institutions, Urban Development Authorities, or any other Authority or Agency constituted or established by or under any State law or under the administrative control of the Government, which is entrusted with the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

powers or responsibilities to grant or issue approval for establishment or operation of enterprises in the State;

(e) “District Board” means the District Board constituted under section 4 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000);

(f) “enterprise” means micro small or medium enterprises;

(g) "Government" means the Government of Kerala;

(h) “micro, small or medium enterprises” means the micro, small or medium enterprises, as defined in the Micro Small and Medium Enterprises Development Act,2006 (Central Act 27 of 2006)

(i) “nodal agency” means nodal agency referred to in section 3;

(j) “notification” means a notification published in the Official Gazette of the Government of Kerala.

(k) "prescribed" means prescribed by rules made under this Act;

(l) “State” means the State of Kerala;

(m) “State Board” means the State Board constituted under section 3 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000).

3. *Nodal Agency.*—The District Board constituted under section 4 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, shall be the nodal agency for the purpose of this Act.

4. *Powers and functions of nodal Agency.*—Subject to the superintendence, direction and control of the Government, the powers and functions of the nodal agency shall be as follows, namely:—

(a) to assist and facilitate the establishment of enterprises in the State;

(b) to maintain the record of self certification and Acknowledgement Certificate received under sub-section (3) of section 5;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(c) the Government may, assign such other powers and functions to the nodal Agency as it may deem fit for giving effect to the provisions of this Act.

5. *Filing of Self Certification.*—(1) Any person who intends to start an enterprise other than those not included as 'Red Category' by the Kerala State Pollution Control Board may, furnish before the nodal agency a Self Certification to start such an enterprise in such form and in such manner, as may be prescribed.

(2) If any person has filed any application before the competent authority to obtain all or any of the approvals as defined in clause (c) of section 2, before the commencement of this Act, such person may also opt to furnish self certification of intend to start an enterprise under sub-section (1) ;

(3) On receipt of a self certification completed in all respects, the nodal Agency shall, forthwith, issue an Acknowledgment Certificate, in the prescribed form, to the person who furnished the self certification under sub-section (1).

6. *Effect of the Acknowledgement Certificate.*—(1) An acknowledgment certificate issued under section 5 shall, for all purposes, have effect as if it is an approval as defined in clause (c) of section 2, for a period of three years from the date of its issuance and after the expiry of the said period of three years, such enterprise shall have to obtain required approvals as defined in clause (c) of section 2, within six months from the date of such expiry:

Provided that the acknowledgement certificate shall not entitle a person to use a land contrary to the provisions contained in the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008) and it shall also not entitle a person to use the land in deviation to the land use specified in the master plan notified under the Kerala Town and Country Planning Act, 2016 (9 of 2016), wherever such plan is in force.

(2) During the period of three years specified in sub-section (1), no competent authority shall undertake any inspection for the purpose of, or in connection with, any approval as defined in clause (c) of section 2.

7. *Grant of Exemption.*—Where the Government or any authority under it is empowered to exempt any enterprise from any approval or inspection or any provisions relating thereto under any Central Act, the Government or any such authority, as the case may be, shall, subject to the provisions of such Central Act, exercise such powers to grant such exemption to an enterprise established in the State for a period of three years from the date of issue of the acknowledgement certificate under section 5.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. *Offences and Penalties.*—(1) If the nodal agency finds that any enterprise, contravened the conditions or undertaking in the self certification given to the nodal agency such enterprise shall be punishable with fine for an amount not exceeding rupees five lakh after considering submission, if any, submitted by such enterprise;

(2) Where an offence under this Act is committed by an enterprise, the enterprise as well as every person in charge of, and responsible to, the enterprise for the conduct of its business at the time of commission of the offence, shall be deemed to be guilty of the offence and liable to be punished under this section:

(3) Notwithstanding anything contained in sub-section (1), where an offence under this Act has been committed with the consent or connivance of, or that commission of the offence is attributable to any neglect on the part of proprietor, managing partner, any director, manager, secretary or any other officer, such proprietor, managing partner, director, manager, or any other officer shall also be deemed to be guilty of that offence and shall be liable to be punished under this section.

*Explanation*:—For the purpose of this section,—

(a) enterprise means any body corporate and includes a firm or other association of individuals; and

(b) director in relation to a firm, means a partner in the firm.

9. *Protection of action taken in good faith.*—No suit, prosecution or other legal proceedings shall lie against the Government or nodal agency or Competent Authority or Appellate Authority or any employee of the Government, for anything which, in good faith, is done or intended to be done under this Act or any rules made thereunder.

10. *Overriding effect of this Act on other laws.*—(1) The provisions of this Act shall have overriding effect, notwithstanding anything inconsistent therewith contained in any other law, for the time being in force.

(2) In particular and without prejudice to the generality of the foregoing provisions of this Act, such provisions shall have effect notwithstanding anything inconsistent therewith contained in the following enactments and the provisions of these enactments shall be read as amended in conformity with the provisions of this Act, namely:—

1. The Kerala Panchayat Raj Act, 1994 (13 of 1994)
2. The Kerala Municipality Act, 1994 (20 of 1994)
3. The Kerala Shops and Commercial Establishments Act, 1960 (34 of 1960)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. The Kerala Lift and Escalators Act, 2013 (18 of 2013)
5. Travancore – Cochin Public Health Act, 1955 (XVI of 1955)
6. Madras Public Health Act, 1939 (3 of 1939)

11. *Savings.*—Subject to the provisions of section 10, nothing in this Act shall be construed as exempting any enterprise from the application of the provisions of any law for the time being in force, or any regulatory measures and standards prescribed thereunder, except to the extent expressly provided in this Act.

12. *Appellate Authority and powers of the Appellate Authority.*—(1) The Appellate Authority under this Act shall be the State Board constituted under section 3 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999(5 of 2000), who shall exercise the powers of the Appellate Authority under this Act;

(2) Any person aggrieved by the decision of the nodal agency may, within thirty days from the date of such decision, file an appeal before the Appellate Authority, in such manner as may be prescribed.

(3) The Appellate Authority after receipt of appeal may call for additional details or documents as it may considered necessary and on production of such details or documents and after giving an opportunity of being heard to the aggrieved person and the nodal agency, the Appellate Authority shall dispose of such appeal within a period of thirty days from the date of filing of such appeal and the decision of the Appellate Authority on such appeal shall be final.

(4) Notwithstanding anything contained in any other law for the time being in force, the Appellate Authority may, either *suo-motu* or on a reference, examine any order passed by the nodal agency and pass appropriate orders as it deems fit, and such orders shall be final.

13. *Power to remove difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, make such provisions not inconsistent with the provisions of this Act, as may appear to it, to be necessary and deemed fit, for removing the difficulty:

Provided that no such order under this section shall be made after the expiry of a period of two years from the commencement of this Act.

Every order made under this section shall be laid, as soon as may be, after it is made, before the State Legislature.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

14. *Power to make rules.*—(1) The Government may, by a notification in the gazette, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Act;

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2020 ജനുവരി 06<br>06th January 2020<br>1195 ധനു 21<br>21st Dhanu 1195<br>1941 പൌഷം 16<br>16th Pousha 1941 | നമ്പർ<br>No. 43 |

GOVERNMENT OF KERALA

**Industries (B) Department**

NOTIFICATION

G. O. (P) No. 2/2020/ID. *Dated, Thiruvananthapuram, 6th January, 2020.*

**S. R. O. No. 12/2020**

In exercise of the powers conferred by section 14 of the Kerala Micro Small Medium Enterprises Facilitation Act, 2019 (16 of 2019) the Government of Kerala hereby makes the following rules, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## RULES

1. *Short title and commencement*.—(1) These rules may be called the Kerala Micro Small Medium Enterprises Facilitation Rules, 2020.

(2) They shall come into force at once.

2. *Definitions*.—(1) In these rules, unless the context otherwise requires:—

(a) "Act" means the Kerala Micro Small Medium Enterprises Facilitation Act, 2019 (16 of 2019);

(b) "Authorized Officer" means person authorized by Nodal Agency for carrying out the functions assigned in these rules;

(c) "Form" means the form appended to these rules.

(2) Words and expressions used not defined in these rules, but defined in the Act, shall have the same meaning assigned to them in the Act.

3. *Procedure for Grant of Acknowledgment Certificate.*—(1) Every enterprises other than those not included as Red Category by the Kerala State Pollution Control Board seeking Acknowledgment Certificate under sub-section (3) of section 5 of the Act shall furnish a duly filled Self Certification before the Nodal Agency in Form-I, electronically on the web portal designed for the purpose along with a fee calculated at the rate of 0.01 per cent of the total project cost (excluding the value of the land) for each Self Certification submitted by the enterprise. However, in case of special circumstances or due to failure of web portal to accept the Self Certification, the enterprise may submit Self Certification, in physical form to the Nodal Agency.

(2) The fees shall be remitted to the designated bank account of the Nodal Agency through online or internet banking or National Electronic Fund Transfer (NEFT) or credit card/debit card.

(3) On the receipt of Self Certification, completed in all respects, the Acknowledgment Certificate shall be issued instantly by the electronic web portal in Form-II, stating the date of receipt of Self Certification and the period of validity of Acknowledgment Certificate.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) The Self Certification shall be submitted by,—

(a) the proprietor, in case of proprietary enterprise;

(b) the authorized partner in case of partnership enterprise;

(c) Director or the Principal Officer or any person duly authorized by the board in the case of a company; and

(d) the authorized person in case of other forms of enterprises.

(5) In case the enterprise is having commercial operations on more than one set of premises, a separate Self Certification shall be submitted for each such set of premises.

4. *Functions of the Nodal Agency*.—(1) The Nodal Agency shall act as the co-ordinating and implementing agency for carrying out the purposes of the Act.

(2) The Nodal Agency shall appoint one or more Authorized Officers for the purpose of verification and issuance of Acknowledgement Certificate under the Act in case there is failure of electronic web portal.

(3) The Nodal Agency shall receive and address the grievances and queries of the enterprise related to anything done or omitted to be done under the Act and rules.

(4) The Nodal Agency shall maintain the electronic portal for carrying out the purposes of the Act and keep record of Self Certification and the Acknowledgment Certificate.

(5) Nodal Agency shall, on issuance of Acknowledgment Certificate, forward the Self Certification and Acknowledgement Certificate of enterprise to all Competent Authorities.

(6) Nodal Agency shall be responsible for coordination between the Competent Authorities and the enterprise. In case of dispute between enterprise and Competent Authority, the Nodal Agency shall resolve the dispute and for that purpose may seek directions from the State Board, as and when required.

5. *Effect of Acknowledgement Certificate*.—Acknowledgment Certificate issued under section 5 of the Act shall have effect as if an approval as defined in clause (c) of section 2 of the Act, for a period of three years in such case as mentioned in the schedule to these rules.

6. *Procedure for filing appeal before the Appellate Authority*.—The appeal filed before the Appellate Authority under sub-section (2) of section 12 of the Act shall be in Form III.

7. *Removal of doubts*.—If any difficulty arises in the application or interpretation of the Act and these rules the matter shall be referred by the Nodal Agency to the State Board, whose decision thereon shall be final, in such matters.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM I

[*See* rule 3(1)]

**Form of Self Certification**

(submitted under sub-section (1) of section 5 of the Kerala Micro Small Medium Enterprises Facilitation Act, 2019)

| | |
|---|---|
| **A. Details of the Applicant** | |
| 1) Name of the Applicant | |
| 2) Aadhaar Number of Applicant | |
| 3) Gender | Male/Female/Others |
| 4) Social Category | General/SC/ST/OBC/Others |
| **B. Address for Communication** | |
| 1) Plot No/House No. | |
| 2) Name of premise/building | |
| 3) Road/Street/Lane | |
| 4) Area/Locality | |
| 5) Village | |
| 6) Town | |
| 7) City | |
| 8) District | |
| 9) State | |
| 10) PIN Code | |
| **C. Contact Details** | |
| 1) Mobile Number | |
| 2) Alternate Mobile Number | |
| 3) Telephone | |
| 4) Email Id | |
| **D. Enterprise Information** | |
| 1) Name of the Undertaking/Enterprise | |
| 2) Type of Organization | Proprietary/Hindu Undivided Family (HUF)/Partnership/Co-operative/Private Limited/Public Limited/ LLP/Self-help group/Others |
| 3) GSTIN/PAN Number | |
| 4) Type of Enterprise | Micro/Small/Medium |
| 5) Major Activity of Enterprise | Manufacturing/Service |
| 6) Estimated Project Cost | |
| 7) Products to be Manufactured/Services to be provided | |
| 8) Expected date of commencement of operation | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| E. Location of Manufacturing/Service Activity of Enterprise | |
|---|---|
| 1) Total Project Area (in Hectares/Acres) | |
| 2) Nature of title of Land | Owned/Lease/Rent |
| 3) Plot No./House No. | |
| 4) Name of premise/building | |
| 5) Road/Street/Lane | |
| 6) District | |
| 7) Taluk | |
| 8) Village | |
| 9) Block Number | |
| 10) Survey Numbers with Subdivision | |
| 11) PIN Code | |

**Certification**

I/We ……………………..residing at……………………state that I am authorized signatory for M/s……………………., and hereby give the following self declaration and undertake that:—

i. I/We certify that the information furnished in Self Certification under these Rules is true and correct to the best of my/our knowledge & belief and no material information has been suppressed/concealed.

ii. I/We have read the Kerala Micro Small Medium Enterprises Facilitation Act, 2019 and the Rules made thereunder and undertake to abide by them. In case of changes in above details, the same will be intimated to the Nodal Agency at the earliest.

iii. I/We hereby agree and undertake that I/We shall comply and observe the various Rules and Regulations prescribed under various enactments which are required to be complied with for setting up and operation of the enterprise in the State including but not limited to the Kerala Panchayat Building Rules, 2019 or the Kerala Municipality Building Rules, 2019, as the case may be and National Building Code and any amendment thereof and if a violation is noticed by the Nodal Agency or there is any suppression of material facts or the information furnished in the Self Certification is found to be false, the Nodal Agency has the power to cancel the Acknowledgement Certificate after affording an opportunity of being heard to the applicant/enterprise by giving 15 days’ notice seeking his explanation, if any, and impose a penalty on the applicant/enterprise.

iv. I/We hereby undertake that for development of the plot for setting up the enterprise I/We shall comply with the provisions contained in the Kerala Conservation of Paddy Land and Wetland Act, 2008, the Kerala Land Assignment Act, 1960, the Kerala Town and Country Planning Act, 2016 and Rules framed thereunder and any other conditions or restrictions

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| | contained in any other Act/Rules applicable for setting up the enterprise. |
| v. | I/We hereby declare that the proposed construction of the project building shall be in conformity with the Kerala Panchayat Building Rules, 2019 or the Kerala Municipality Building Rules, 2019 as the case may be and Master Plan and Detailed Town Planning Scheme notified under the Kerala Town and Country Planning Act, 2016 (9 of 2016) where the case is applicable. |
| vi. | I/We am/are furnishing the Self Certification for the enterprise which is a new enterprise as defined in the Act. |
| vii. | I/We have not previously obtained any Acknowledgement Certificate as defined under sub-section 3 of section 5 of the Act for the land or building or premises as mentioned in 'Location of Manufacturing/Service Activity of Enterprise' in Self Certification. |
| viii. | I/We will maintain the safety standards prescribed under various enactments specified under section 10(2) of the Act in the operation of the enterprise to ensure safety and health of the workers or employees. |
| ix. | I/We will not engage in any manufacturing activity or provide any services which are prohibited under any law or rules. |

| | |
|---|---|
| Name | |
| Designation | |
| Date | |
| Place | |
| Signature | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM II

[*See* rule 3(3)]

**Acknowledgement Certificate**

(issued under sub-section (3) of section 5 of the Kerala Micro Small Medium Enterprises Facilitation Act, 2019)

M/s.................................. has filed a Self Certification under the Kerala Micro Small Medium Enterprises Facilitation Rules, 2020 to set up a...............................(Manufacturing/Service) enterprise. The receipt of the Self Certification for the enterprise is hereby acknowledged with following details as contained in the Self Certification:

| **Acknowledgement Details** | |
|---|---|
| 1. Acknowledgment Number | |
| 2. Date of Acknowledgment | |
| 3. Validity of Acknowledgment | |
| 4. Name of the Enterprise | |
| 5. Type of Organization | |
| 6. Address for Communication | |
| (a) Plot No/House No | |
| (b) Name of premise/building | |
| (c) Road/Street/Lane | |
| (d) Area/Locality | |
| (e) Village | |
| (f) Town | |
| (g) City | |
| (h) District | |
| (i) State | |
| (j) PIN Code | |
| 7. Major Activity of Enterprise | |
| 8. Product(s) to be Manufactured/Service(s) to be provided | |
| 9. Location of the Proposed Enterprise | |
| (a) Name of premise/building | |
| (b) Road/Street/Lane | |
| (c) District | |
| (d) Taluk | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| (e) Village | |
| (f) Block Number | |
| (g) Survey Numbers with Subdivision | |
| (h) PIN Code | |
| 10. Estimated project cost | |

1. Subject to provisions of the Act and Rules, this Acknowledgement Certificate shall entitle the enterprise:
   (a) Exemption from approval under the various enactments mentioned in the Act.
   (b) Exemption from inspection for the purpose of, or in connection with, any approval under various enactments mentioned in the Act.
   (c) It can be presented to any Competent Authority or Bank or Financial Institution as and when required who shall treat it as valid approval as defined in sub-section (c) of section 2 of the Act for all the purposes.
2. This Acknowledgement Certificate is issued, subject to following conditions:
   (a) The provisions of the Kerala Micro Small Medium Enterprises Facilitation Act, 2019 and its applicability shall be limited to Acts mentioned in the Act and the activities mentioned in the Acknowledgement Certificate.
   (b) The Acknowledgement Certificate is valid for a period of three years from the date of issue
   (c) After the expiry of Acknowledgement Certificate, the enterprise shall have to obtain required approvals, for which no further intimation shall be provided.
   (d) In case of willful submission of false information in Self Certification or suppression of material fact, or breach or contravention of any of the provisions in the Act & the Rules, the Nodal Agency can revoke/cancel the Acknowledgement Certificate as per provisions of the Act and Rules.
   (e) The Acknowledgement Certificate will become void, if the enterprise ceases to exist due to merger or division of enterprise or acquisition or amalgamation of the enterprises or if it ceases to be a Micro, Small or Medium enterprise as defined under the Act.

Dated on this the……. (date) day of…….(month)………..(year)

*Signature of Issuing Authority.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM III

[*See* rule 6]

**Appeal submitted to the Appellate Authority**

(filed under the sub-section (2) of section 12 of the Kerala Micro Small Medium Enterprises Facilitation Act, 2019)

1. Name of the applicant with mobile number :
2. Address for Communication :
3. Contact details of Enterprise :
4. Details of Industrial Unit :
5. Details of approvals sought for by the applicant :
6. Details of the application rejected by the Nodal Agency :
7. Date of rejection of application by the Nodal Agency :
8. Reason for rejection of the application :
9. Grounds of appeal :
10. Details of the records enclosed :

*Note:*—The appellant should enclose a copy of the order of the Nodal Agency appealed against in addition to any other document(s).

Place:

Date:

*Name and Signature of the applicant*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## SCHEDULE

| *Sl. No. (1)* | *Approval (2)* | *Act/Rule (3)* | *Category (4)* |
|---|---|---|---|
| 1 | Issue of Development Permit | The Kerala Panchayat Raj Act, 1994 (13 of 1994) | For constructions of building with plinth area up to 20,000 Sq. ft. and height up to 15 m. |
| 2 | Issue of Building Permit | | |
| 3 | Layout Approval | | |
| 4 | Permission for construction of factories and installation of machinery | | |
| 5 | Issue of Licence to Factories, Trades, Entrepreneurship activities and other services | | |
| 6 | Registration of Private Hospitals, Clinics and Paramedical Institutions | | |
| 7 | Issue of Development Permit | The Kerala Municipality Act, 1994 (20 of 1994) | For constructions of building with plinth area up to 20,000 Sq. ft. and height up to 15 m. |
| 8 | Issue of Building Permit | | |
| 9 | Layout Approval | | |
| 10 | Permission for construction of factories and installation of machinery | | |
| 11 | Issue of Licence to Factories, Trades, Entrepreneurship activities and other services | | |
| 12 | Registration of Private Hospitals, Clinics and Paramedical Institutions | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *Sl. No.* *(1)* | *Approval* *(2)* | *Act/Rule* *(3)* | *Category* *(4)* |
|---|---|---|---|
| 13 | NOC –Under Item 12, 13 of sub-rule (4) of rule 5 under the Kerala Municipality Building Rules, 2019 and Kerala Panchayat Building Rules, 2019. | The Kerala Panchayat Building Rules, 2019<br>The Kerala Municipality Building Rules, 2019 | For constructions of building with plinth area up to 20,000 Sq. ft. and height up to 15 m.<br>(It shall not be applicable for assembly and hazardous occupancy) |
| 14 | License for working lifts and escalators | The Kerala Lift and Escalators Act, 2013 | For working lifts and escalators up to three floors |
| 15 | DMO clearance | Travancore – Cochin Public Health Act, 1955,<br>Madras Public Health Act, 1939 | |
| 16 | Registration | The Kerala Shops and Commercial Establishments Act, 1960 | |

By order of the Governor,

DR. K. ELLANGOVAN,
*Principal Secretary to Government*

**Explanatory Note**

(This does not form part of the notification, but it is intended to indicate its general purport.)

As per section 14 of the Kerala Micro Small Medium Enterprises Facilitation Act, 2019 (16 of 2019) the Government may make rules prospectively or retrospectively for the purpose of carrying into effect the provision of the Act.

Accordingly, the Government have decided to make rules for the purpose of carrying into effect the provision of the Act.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, ശനി** Thiruvananthapuram, Saturday | **2024 നവംബർ 02** 02nd November 2024 **1200 തുലാം 17** 17th Thulam 1200 **1946 കാർത്തികം 11** 11th Karthika 1946 | **നമ്പർ** No. | **3503** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 59/ലെഗ്. സി3/2024/നിയമം.

*തിരുവനന്തപുരം, 2024 നവംബർ 1*
*1200 തുലാം 16*
*1946 കാർത്തികം 10.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2024 ഒക്ടോബർ 31-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2024-ലെ 26-ാം ആക്റ്റ്

## 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്റ്റ്

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റ് (2019-ലെ 16) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഒരു പദപ്രയോഗത്തിന് പകരം മറ്റൊരു പദപ്രയോഗം ചേർക്കൽ.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിൽ (2019-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), "കൈപ്പറ്റ് സാക്ഷ്യപത്രം" എന്ന പദങ്ങൾ വരുന്നിടത്തെല്ലാം അതിന് പകരം "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്ന പദങ്ങൾ തദനുസൃതമായി ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. <u>6-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിന് പകരം താഴെ പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ പ്രാബല്യം";

(ii) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിന് നൽകിയ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തീയതി മുതൽ മൂന്ന് വർഷവും ആറുമാസവുമായ കാലയളവിലേക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു അംഗീകാരം എന്ന രീതിയിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, പ്രസ്തുത കാലയളവിനുള്ളിൽ, അപ്രകാരമുള്ള വ്യവസായ സ്ഥാപനം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നേടേണ്ടതുമാണ്:

എന്നാൽ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ (2008-ലെ 28) അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായോ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടോ ഒരു ഭൂമി ഉപയോഗിക്കുന്നതിന് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ലാത്തതാകുന്നു.";

(iii) (2)-ാം ഉപവകുപ്പിലെ "മൂന്ന് വർഷക്കാലയളവിൽ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>7-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ "മൂന്ന് വർഷക്കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 59/Leg. C3/2024/Law.

*Dated, Thiruvananthapuram, 1st November, 2024*
*16th Thulam, 1200*
*10th Karthika, 1946.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Act, 2024 (26 of 2024).

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്റ്റ് " published under the authority of the Governor.]

**ACT 26 OF 2024**

THE KERALA MICRO SMALL AND MEDIUM ENTERPRISES AND OTHER ENTERPRISES FACILITATION (AMENDMENT) ACT, 2024

*An*

*ACT*

*further to amend the Kerala Micro Small and Medium Enterprises and Other Enterprises Facilitation Act, 2019.*

*Preamble.*—WHEREAS, it is expedient further to amend the Kerala Micro Small and Medium Enterprises and Other Enterprises Facilitation Act, 2019 (16 of 2019) for the purposes hereinafter appearing;

BE it enacted in the Seventy-fifth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Act, 2024.

(2) It shall come into force at once.

2. *Substitution of an expression by another expression.*—In the Kerala Micro Small and Medium Enterprises and Other Enterprises Facilitation Act, 2019 (16 of 2019) (hereinafter referred to as the principal Act), wherever the words "acknowledgement certificate" occurs the words and symbol "Certificate of in-principal approval" shall be substituted considering the context.

3. *Amendment of section 6.*— In the principal Act, in section 6,—

(i) for the marginal heading, the following marginal heading shall be substituted, namely:—

"*Effect of the Certificate of in-principal approval* ";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) for sub-section (1), the following sub-section shall be substituted, namely:—

"(1) Certificate of in-principal approval issued under sub-section (3) of section 5 shall, for all purposes, have effect as it is an approval as defined in clause (c) of section 2, as may be prescribed, for a period of three years and six months from the date of its issuance and within the said period, such enterprise shall obtain required approvals as defined in clause (c) of section 2, by complying the procedures as per laws concerned:

Provided that the Certificate of in-principal approval shall not entitle a person to use a land contrary to the provisions contained in the Kerala Conservation of Paddy Land and Wet Land Act, 2008 (28 of 2008) and the rules made thereunder or in deviation to the land use specified in the master plan notified under the Kerala Town and Country Planning Act, 2016 (9 of 2016), wherever such plan is in force.";

(iii) in sub-section (2), for the words "three years" the words "three years and six months" shall be substituted.

4. *Amendment of section 7.*—In the principal Act, in section 7, for the words "three years" the words "three years and six months" shall be substituted.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
**കേരള സർക്കാർ**
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 10** Vol. X | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2021 നവംബർ 15** 15th November 2021 **1197 തുലാം 30** 30th Thulam 1197 **1943 കാർത്തികം 24** 24th Karthika 1943 | **നമ്പർ** No. **3367** |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 13524/ലെഗ്.സി3/2020/നിയമം.

*തിരുവനന്തപുരം, 2021 നവംബർ 14*
*1197 തുലാം 29*
*1943 കാർത്തികം 23.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 നവംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 32-ാം ആക്റ്റ്

### 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്റ്റ്

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് (2019-ലെ 16) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ഒക്ടോബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ദീർഘ ശീർഷകത്തിന്റെ ഭേദഗതി.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലെ (2019-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘ ശീർഷകത്തിൽ "പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും" എന്ന വാക്കുകൾക്ക് ശേഷം "ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പീഠികയിൽ "പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും" എന്ന വാക്കുകൾക്ക് ശേഷം "ഇതര വ്യവസായ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. 1-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 1-ാം വകുപ്പ്, (1)-ാം ഉപവകുപ്പിലെ "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ" എന്ന വാക്കുകൾക്ക് പകരം "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (സി) ഖണ്ഡത്തിൽ "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ" എന്ന വാക്കുകൾക്ക് പകരം "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (സി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

(സിഎ) "ബ്യൂറോ" എന്നാൽ 6എ വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള "നിക്ഷേപം സുഗമമാക്കൽ ബ്യൂറോ" എന്നർത്ഥമാകുന്നു;

(സിബി) "പരിശോധനാ ലിസ്റ്റ്" എന്നാൽ ഇതര വ്യവസായ സ്ഥാപനങ്ങൾ സംയുക്ത അപേക്ഷയോടൊപ്പം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നൽകേണ്ട രേഖകളുടെ ലിസ്റ്റ് എന്നർത്ഥമാകുന്നു;

(iii) (ജെ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(ജെഎ) "ഇതര വ്യവസായ സ്ഥാപനം" എന്നാൽ, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിന്റെ (2000-ലെ 5) 2-ാം വകുപ്പ്, (ഡിഎ) ഖണ്ഡപ്രകാരം നിർവ്വചിച്ചിട്ടുള്ള വ്യവസായ സ്ഥാപനം എന്നർത്ഥമാകുന്നതും എന്നാൽ അതിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടാത്തതുമാകുന്നു.

6. 6എ, 6ബി, 6സി, 6 ഡി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"6എ. നിക്ഷേപം സുഗമമാക്കൽ ബ്യൂറോയുടെ രൂപീകരണം.—(1) സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആവശ്യമായ വിവിധതരം അംഗീകാരങ്ങൾ ലഭിക്കുന്നതിനാവശ്യമായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സർക്കാർ, വിജ്ഞാപനം വഴി, താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി 'നിക്ഷേപം സുഗമമാക്കൽ ബ്യൂറോ' എന്ന പേരിൽ ഒരു ബ്യൂറോ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായ വകുപ്പിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി;

(ബി) ഡയറക്ടർ ജനറൽ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്;

(സി) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ;

(ഡി) ചീഫ് ടൗൺ പ്ലാനർ;

(ഇ) ലേബർ കമ്മീഷണർ;

(എഫ്) ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്;

(ജി) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(എച്ച്) അഡീഷണൽ ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്:

(ഐ) ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്;

(ജെ) ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്;

(കെ) വ്യവസായ വാണിജ്യ ഡയറക്ടർ;

(എൽ) ബ്യൂറോയുടെ ചെയർമാൻ യുക്തമെന്നു കരുതുന്ന പ്രകാരം അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ.

(2) ബ്യൂറോ ശാശ്വത പിന്തുടർച്ചാവകാശത്തോടും, പൊതുമുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) വ്യവസായ വകുപ്പിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി ബ്യൂറോയുടെ ചെയർമാൻ ആയിരിക്കുന്നതും, കേരള സംസ്ഥാന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ കൺവീനറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കുന്നതുമാണ്.

(4) ചെയർമാൻ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും ഈ ആക്റ്റ് പ്രകാരമുള്ള ബ്യൂറോയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ പ്രകാരം ബ്യൂറോ യോഗം ചേരേണ്ടതും, അതിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

6ബി. ബ്യൂറോയുടെ അധികാരങ്ങളും ചുമതലകളും.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡിനും ജില്ലാ ബോർഡിനും നൽകപ്പെട്ട അധികാരങ്ങൾക്ക് ഭംഗം വരാതെയും, സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഓൺലൈൻ പോർട്ടൽ മുഖേന അപ്രകാരമുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ സംസ്ഥാനനിയമങ്ങൾക്ക് കീഴിൽ ആവശ്യമായ അംഗീകാരം ലഭിക്കുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫീസും പ്രഖ്യാപനവും സഹിതം ഒരു സംയുക്ത അപേക്ഷ നൽകേണ്ടതാണ്.

(2) ബ്യൂറോ, ഇതിലേയ്ക്കായി നിർണ്ണയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം എല്ലാ രീതിയിലും പൂർണ്ണമായ സംയുക്ത അപേക്ഷ പരിശോധനാ ലിസ്റ്റ് സഹിതം ലഭിച്ച്, ഏഴ് പ്രവൃത്തി ദിവസങ്ങൾക്കകം,—

(എ) അതിന് യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും നിബന്ധനകളോടെയോ അല്ലാതെയോ അംഗീകാരം നൽകുന്നതിനോ; അല്ലെങ്കിൽ

(ബി) അപേക്ഷയിൻമേൽ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമെന്ന് അത് കരുതുന്ന കൂടുതൽ വിശദാംശങ്ങളോ രേഖകളോ ആവശ്യപ്പെടുന്നതിനോ;

ഒരു തീരുമാനമെടുക്കാവുന്നതാണ്.

(3) ബ്യൂറോയുടെ തീരുമാനം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അപേക്ഷകനേയും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അറിയിക്കേണ്ടതും പ്രസ്തുത തീരുമാനം ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ നൽകിയതായി കരുതപ്പെടുന്നതും അപ്രകാരമുള്ള അധികാരസ്ഥാനങ്ങൾക്ക് അപ്രകാരമുള്ള തീരുമാനം ബാധകമായിരിക്കുന്നതുമാണ്.

(4) അംഗീകാരം ഒരിക്കൽ നൽകി കഴിഞ്ഞാൽ ആയത് നല്കിയ തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേക്ക് അതിന് സാധുതയുണ്ടായിരിക്കുന്നതും അംഗീകാരം ലഭിച്ച് ഒരു വർഷത്തിനകം ഓരോ ഇതര വ്യവസായ സ്ഥാപനവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ബന്ധപ്പെട്ട ആക്റ്റുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്, ഒരു സാക്ഷ്യപത്രം ചീഫ് എക്സിക്യൂട്ടിവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും പ്രസ്തുത അംഗീകാരം പുതുക്കുന്നത് ആവശ്യമായി വരുന്ന സംഗതികളിൽ, പ്രസ്തുത അംഗീകാരം അവസാനിക്കുന്നതിന് മൂന്ന് മാസം മുൻപ് ആയത് പുതുക്കുന്നതിനായി ഒരു അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഓൺലൈൻ ആയി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ആയത് പുതുക്കി നൽകേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഒരു വർഷക്കാലയളവിൽ, ക്ഷമതയുള്ള അധികാരസ്ഥാനം 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേയ്ക്കായോ, അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല:

എന്നാൽ, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയ ആക്റ്റുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ക്ഷമതയുള്ള അധികാരസ്ഥാനത്തിന് പരിശോധന നടത്താവുന്നതാണ്.

(6) ഇതര വ്യവസായ സ്ഥാപനം ആക്റ്റിന്റെയോ ചട്ടങ്ങളുടെയോ വ്യവസ്ഥകൾ പാലിക്കുന്നതിനും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ പ്രകാരം, അപ്രകാരം ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചു എന്നുള്ള സാക്ഷ്യപത്രം ഒരു വർഷക്കാലയളവിനുള്ളിൽ സമർപ്പിക്കുവാനും വീഴ്ച വരുത്തുന്നപക്ഷം, അപേക്ഷകൻ സമർപ്പിക്കുന്ന അപേക്ഷയിന്മേലും മതിയായ കാരണങ്ങളിന്മേലും, അപ്രകാരമുള്ള കാലയളവ്, അവ പാലിക്കാതിരുന്നതിനുള്ള കാരണവും, വ്യവസായ സ്ഥാപനത്തിന്റെ സ്വഭാവവും കണക്കിലെടുത്തുകൊണ്ട്, ഒരു വർഷത്തിൽ അധികരിക്കാത്ത ഒരു കാലയളവിലേക്ക് അപ്രകാരം ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ

പാലിക്കുന്നതിനായുള്ള കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അപ്രകാരം ദീർഘിപ്പിച്ചു നൽകിയ കാലയളവിനുള്ളിലും അപ്രകാരമുള്ള വ്യവസായ സ്ഥാപനം, പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ബ്യൂറോയ്ക്ക്, അപേക്ഷകന് ഒരു നോട്ടീസ് നൽകിയതിന് ശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷവും, അംഗീകാരം റദ്ദ് ചെയ്യാവുന്നതാണ്.

(7) ബ്യൂറോയ്ക്ക് സമർപ്പിക്കേണ്ട അപേക്ഷയും അംഗീകാരം നൽകുന്നതിന് ബ്യൂറോ പാലിക്കേണ്ടതായ നടപടിക്രമങ്ങളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, രീതിയിലായിരിക്കേണ്ടതാണ്.

(8) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ (2008-ലെ 28) അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഭൂമി ഉപയോഗിക്കുന്നതിന്, അംഗീകാരം ഒരാളെ അർഹനാക്കുന്നതല്ലാത്തതും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ, വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാനിൽ വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുവാൻ അർഹനാക്കുന്നതല്ലാത്തതുമാകുന്നു.

(9) ബ്യൂറോ ഒരിക്കൽ നൽകിയ അംഗീകാരം ബാങ്കിൽ നിന്നോ ധനകാര്യ സ്ഥാപനത്തിൽ നിന്നോ സാമ്പത്തികസഹായം നേടുന്നത് ഉൾപ്പടെയുള്ള ഏത് ആവശ്യങ്ങൾക്കും ഒരു സാധുവായ രേഖയായി ഉപയോഗിക്കാവുന്നതാണ്.

6സി. അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ.—(1) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റെഡ് കാറ്റഗറിയായി വിജ്ഞാപനം ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഇതര വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, ഒരു സംയുക്ത അപേക്ഷ അനുബന്ധ പ്രമാണങ്ങളോടുകൂടി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, പരിശോധനാ ലിസ്റ്റ് സഹിതം ഓൺലൈൻ പോർട്ടൽ വഴി നിർണയിക്കപ്പെട്ട ഫീസും ഒരു പ്രഖ്യാപനവും സഹിതം ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(2) 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) പ്രകാരം രൂപീകരിക്കപ്പെട്ട

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംസ്ഥാന ബോർഡിന്റെ കൺവീനർ ബ്യൂറോയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും 6സി വകുപ്പ് പ്രകാരം അംഗീകാരം നൽകുന്നതിന് വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനും, ബ്യൂറോ കാലാകാലങ്ങളിൽ നൽകുന്നതായ മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതിനും ബ്യൂറോയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ സെല്ലിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരും അദ്ദേഹത്തിന് ആവശ്യമായ സഹായം നൽകേണ്ടതാണ്.

വിശദീകരണം:—'കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ സെൽ' എന്നാൽ 2017 ഒക്ടോബർ 12-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 100/2017/വ്യവ. പ്രകാരം രൂപീകൃതമായ സെൽ എന്നർത്ഥമാകുന്നു.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട പൊതുവായ അധികാരങ്ങൾ കൂടാതെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) ബ്യൂറോയിൽ നിന്നും അംഗീകാരം ആവശ്യമുള്ള ഇതര വ്യവസായ സ്ഥാപനങ്ങളുടെ ഒരു ഏകസമ്പർക്കബിന്ദുവായി പ്രവർത്തിക്കുക;

(ബി) സംയുക്ത അപേക്ഷ പൂർത്തീകരിക്കുന്നതിലേക്ക് അപേക്ഷകരെ സഹായിക്കുക;

(സി) പരിശോധനാ ലിസ്റ്റിന്റെ സഹായത്തോടെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുകയും അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും ചെയ്യുക;

(ഡി) അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കിയതിനു ശേഷം,—

(i) എല്ലാ രീതിയിലും പൂർണമായ അപേക്ഷകൾ സ്വീകരിക്കുക;

(ii) പൂർണ്ണമല്ലാത്ത അപേക്ഷകളെ സംബന്ധിച്ച്, ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അധിക വിവരങ്ങൾ ആരായുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഇ) ബ്യൂറോയുടെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ സൂക്ഷിക്കുക;

(എഫ്) ബ്യൂറോയുടെ തീരുമാനം അപേക്ഷകനെയും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെയും അറിയിക്കുക.

6ഡി. <u>അംഗീകാരം റദ്ദാക്കാനുള്ള ബ്യൂറോയുടെ അധികാരങ്ങൾ.</u>—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ആക്റ്റിന്റെയോ ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകൾ ഇതര വ്യവസായ സ്ഥാപനം ലംഘിച്ചുവെന്നോ അല്ലെങ്കിൽ അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ വ്യാജമാണെന്നോ കാണുന്നപക്ഷം, ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അംഗീകാരം റദ്ദ് ചെയ്യുവാൻ ബ്യൂറോയോട് ശിപാർശ ചെയ്യാവുന്നതും, അതിന്മേൽ ബ്യൂറോയ്ക്ക്, പ്രസ്തുത വ്യവസായ സ്ഥാപനത്തിന് ഒരു നോട്ടീസ് നൽകിയതിനു ശേഷവും അപ്രകാരമുള്ള വ്യവസായസ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷവും പ്രസ്തുത വ്യവസായ സ്ഥാപനത്തിന്റെ അംഗീകാരം റദ്ദാക്കാവുന്നതും 8-ാം വകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള ഒരു പിഴ അപ്രകാരമുള്ള ഇതര വ്യവസായ സ്ഥാപനത്തിന്മേൽ ചുമത്തേണ്ടതുമാണ്.

7. 12-ാം <u>വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ, "നോഡൽ ഏജൻസിയുടെ" എന്ന വാക്കിനുപകരം "നോഡൽ ഏജൻസിയുടെയോ ബ്യൂറോയുടെയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിൽ, "നോഡൽ ഏജൻസിക്കും" എന്ന വാക്കിനു പകരം "നോഡൽ ഏജൻസിക്കും അല്ലെങ്കിൽ ബ്യൂറോയ്ക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപവകുപ്പിൽ, "നോഡൽ ഏജൻസി" എന്ന വാക്കിന് പകരം "അതതുസംഗതി പോലെ, നോഡൽ ഏജൻസിയോ ബ്യൂറോയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 136) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 13524/Leg. C3/2020/Law. *Dated, Thiruvananthapuram, 14th November, 2021*
*29th Thulam, 1197*
*23rd Karthika, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorize the publication in the Gazette of the following translation in English language of the Kerala Micro Small and Medium Enterprises Facilitation (Amendment) Act, 2021. (32 of 2021)

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

# ACT 32 OF 2021

## THE KERALA MICRO SMALL AND MEDIUM ENTERPRISES FACILITATION (AMENDMENT) ACT, 2021

*An Act to amend the Kerala Micro Small and Medium Enterprises Facilitation Act, 2019.*

*Preamble.*—WHEREAS, it is expedient to amend the Kerala Micro Small and Medium Enterprises Facilitation Act, 2019 (16 of 2019) for the purposes hereinafter appearing;

BE it enacted in the Seventy-second Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Micro Small and Medium Enterprises Facilitation (Amendment) Act, 2021.

(2) It shall be deemed to have come into force on the 5th day of October, 2020.

2. *Amendment of long title.*—In the long title of the Kerala Micro Small and Medium Enterprises Facilitation Act, 2019 (16 of 2019) (hereinafter referred to as the principal Act), after the words "micro small and medium enterprises", the words "and to grant approval to other enterprises in a time bound manner" shall be inserted.

3. *Amendment of preamble.*—In the preamble of the principal Act, after the words "micro small and medium enterprises", the words "and to grant approval to other enterprises in a time bound manner" shall be inserted.

4. *Amendment of section 1.*—In sub-section (1) of section 1 of the principal Act, after the words "Micro Small and Medium Enterprises", the words "and Other Enterprises" shall be inserted.

5. *Amendment of section 2.*—In the principal Act, in section 2,—

(i) in clause (c), after the words "micro small and medium enterprises" the words "and other enterprises" shall be inserted;

(ii) after clause (c), the following clauses shall be inserted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(ca) "Bureau" means 'Investment Facilitation Bureau' constituted under section 6A;

(cb) "checklist" means list of documents, as may be prescribed, to be furnished by other enterprises along with composite application;";

(iii) after clause (j), the following clause shall be inserted, namely:—

"(ja) "other enterprise" means an enterprise as defined in clause (da) of section 2 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000) and shall not include the Micro Small and Medium Enterprises;".

6. *Insertion of new sections 6A, 6B, 6C and 6D.*—In the principal Act, after section 6, the following sections shall be inserted, namely:—

"*6A. Constitution of Investment Facilitation Bureau*.—(1) For the purpose of disposal of applications for the issue of various approvals required under the State enactments for setting up other enterprises in the State in a time bound manner, the Government may, by notification, constitute a Bureau to be called 'Investment Facilitation Bureau' consisting of the following members, namely:—

(a) Secretary in charge of Investment Promotion in the Industries Department;

(b) Director General, Fire and Rescue Services;

(c) Managing Director, Kerala State Industrial Development Corporation;

(d) Chief Town Planner;

(e) Labour Commissioner;

(f) Director, Factories and Boilers Department;

(g) Chief Electrical Inspector;

(h) Additional Director, Health Services;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) Director, Urban Affairs Directorate;

(j) Director, Panchayat Directorate;

(k) Industries and Commerce Director;

(l) Secretary or Director of the Department as may be nominated by the Chairman of the Bureau, as he deems fit.".

(2) The Bureau shall be a body corporate by the name aforesaid having perpetual succession and common seal.

(3) Secretary in charge of Investment promotion in the Department of Industries shall be the Chairman, and the Managing Director of the Kerala State Industrial Development Corporation shall be the Convenor and Chief Executive Officer of the Bureau.

(4) Bureau shall meet at such time and place as fixed by the Chairman, for performing the functions of the Bureau under the Act and shall follow such rules of procedure as may be prescribed in regard to its transaction of business.

6B. *Powers and functions of Bureau.*—(1) Notwithstanding anything contained in any other law for the time being in force, without prejudice to the powers conferred on the State Board and District Board constituted under the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000), any person who intends to set up other enterprises, shall submit a composite application to the Chief Executive Officer through online portal for the issuance of approval as required under State enactments for setting up such enterprises in such form along with such fees and such declaration, as may be prescribed.

(2) The Bureau shall after complying the procedure prescribed in this behalf and within seven working days after the receipt of a composite application which is complete in all respect, take a decision as,—

(a) to issue approval on such conditions, as it may think fit; or

(b) to call for more details of documents, it deemed necessary for taking action on the application.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) The decision of the Bureau shall be informed to the applicant and to the competent authority concerned, by the Chief Executive Officer and the said decision shall be deemed to be given by the competent authority concerned and such decision shall be binding on the authorities.

(4) An approval once granted shall have effect for a period of five years from the date of its issuance and within one year from the date of such approval, every 'other enterprise' shall submit a certificate in, such form as may be prescribed, to the Chief Executive Officer to the effect that, all the provisions of the Act and rules concerned are complied with and in such cases where the renewal of approval is required, an application for renewal of such approval shall be submitted to the Chief Executive Officer through online along with required documents, before three months from the date on which such approval shall cease to operate, and thereupon it shall be renewed in such manner, as may be prescribed.

(5) During the period of one year as specified in sub-section (4), competent authority shall not undertake any inspection for the purpose of, or in connection with any approval as defined in clause (c) of section (2):

Provided that a competent authority may undertake inspection to verify that, the provisions of the Act and rules as specified in the certificate submitted to the Chief Executive Officer are complied with.

(6) If the, other enterprise fails to comply with the provisions of the Act and rules and also to submit a certificate to the effect that the provisions of Act and rules are complied within one year as specified under sub-section (4), the Bureau may, on request of the applicant and on sufficient reasons, grant a reasonable time not exceeding one year for compliance, taking into account the nature of the other enterprise and reasons for non-compliance. If the other enterprise fails to comply with the provisions of Acts and rules even after such extended period, the Bureau may revoke the approval, after giving notice to the applicant and after considering the submission if any, from the applicant.

(7) The application to be submitted to the Bureau and procedures to be followed by the Bureau for the issuance of the approval shall be, in such manner as may be prescribed.

(8) The approval shall not entitle a person to use any land contrary to the provisions contained in the Kerala Conservation of Paddy Land and Wetland Act, 2008

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(28 of 2008) and rules made thereunder and it shall not entitle a person to use the land in deviation to the land use specified in the Master Plan notified under the Kerala Town and Country Planning Act, 2016 (9 of 2016).

(9) Approval once granted by the Bureau may be used as a valid document for any purpose including availing of financial assistance from a Bank or other financial institution.

6C. *Application for the grant of Approval*.—(1) Any person who intends to set up other enterprise other than those included as 'Red Category' by the State Pollution Control Board may submit a composite application in such form as may be prescribed, through online portal along with supporting documents and check list and such fees and declaration, as may be prescribed to the Chief Executive Officer of the Bureau.

(2) The convenor of the State Board constituted under the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000) shall act as the Chief Executive Officer of the Bureau, to co-ordinate the activities of the Bureau and to scrutinize the applications received from the enterprises under section 6C and for the performance of such functions that may be assigned to him by the Bureau, from time to time. The officers and staff of the Kerala Investment Promotion and Facilitation Cell functioning under the Kerala State Industrial Development Corporation shall provide all necessary assistance to him.

*Explanation*:—'The Kerala Investment Promotion and Facilitation Cell' means the Cell constituted as per G.O. (Ms.) No. 100/2017/Ind. dated 12th October, 2017.

(3) The Chief Executive Officer shall discharge the following powers and functions in addition to the general powers conferred under sub-section (2) , namely:—

(a) to act as a single point contact for 'other enterprises' that require approval from the Bureau;

(b) to assist the applicants for completing the composite applications;

(c) to scrutinize the applications with the help of check list and to verify the documents submitted along with the application;

(d) after completing the scrutiny of the applications,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) accept applications complete in all respects;

(ii) require additional information regarding the incomplete application in accordance with the provisions of the Act and rules made thereunder;

(e) to keep the minutes of the meeting of the Bureau;

(f) to inform the decision of the Bureau to the applicant and the competent authorities concerned.

6D. *Power of the Bureau to revoke the approval.*—Notwithstanding anything contained in this Act, if the competent authority concerned, has found that the other enterprise has violated any provisions of the Act or rules and the details furnished in the application for the grant of approval is false, the competent authority concerned may recommend to the Bureau for revocation of the approval and thereupon Bureau may revoke the approval after giving a notice to such enterprise and after considering the submission if any, from the enterprise and impose on such enterprise a penalty as referred in section 8.".

7. *Amendment of section 12*.—In the principal Act, in section 12,—

(a) in sub-section (2), for the words "nodal agency" the words "nodal agency or Bureau" shall be substituted;

(b) in sub-section (3), for the words "nodal agency" the words "nodal agency or Bureau" shall be substituted;

(c) in sub-section (4), for the words "nodal agency" the words "nodal agency or Bureau, as the case may be," shall be substituted.

8. *Repeal and saving*.—(1) The Kerala Micro Small and Medium Enterprises Facilitation (Amendment) Ordinance, 2021 (136 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/